**മത്സ്യഫെഡിന്റെ പ്രവർത്തനം**

**84 (1185)** ശ്രീ. പി. രാജു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന് 'കേരള സഹകരണസംഘം നിയമം' ബാധകമാണോ ;

(ബി) ഈ നിയമം ലംഘിച്ച് പ്രവർത്തിച്ചാൽ മത്സ്യഫെഡിന് എതിരായി എന്തു നടപടികൾ സ്വീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ; എങ്കിൽ മത്സ്യഫെഡ് കേരള സഹകരണ നിയമം ലംഘിച്ചു പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്താക്കാമോ ;

(സി) അപ്പക്സ് സംഘങ്ങളിൽ അഫിലിയേഷൻ സംബന്ധിച്ച് 1999-ലെ 'കേരള സഹകരണ സംഘം' ഭേദഗതി നിയമത്തിലെ വ്യവസ്ഥ എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് 1999-ലെ കേരളസഹകരണ സംഘം ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഇ) അഫിലിയേഷൻ സംബന്ധിച്ചും രജിസ്ട്രേഷൻ സംബന്ധിച്ചും കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ ഫിഷറീസ് വകുപ്പും മത്സ്യഫെഡും ലംഘിച്ചിട്ടുണ്ടോയെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കുക എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ) ബാധകമാണ്.

(ബി) 1969-ലെ കേരള സഹകരണനിയമത്തിലെ വകുപ്പ് 32, 65, 66 എന്നിവ അനുശാസിക്കുന്നപ്രകാരം യുക്തമായ അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയും. സഹകരണ നിയമം ലംഘിച്ച് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബന്ധപ്പെട്ട വ്യവസ്ഥയുടെ പ്രസക്തഭാഗം അനുബന്ധ-1 ൽ കാണാവുന്നതാണ്*.

(ഡി) ബന്ധപ്പെട്ട വ്യവസ്ഥയുടെ പ്രസക്തഭാഗം അനുബന്ധം-2 ൽ കാണാവുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**മത്സ്യതൊഴിലാളി സംഘങ്ങൾ**

**85 (1186)** പ്രൊഫ. എ. വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര രജിസ്ട്രേർഡ് മത്സ്യത്തൊഴിലാളി സംഘങ്ങൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) രജിസ്ട്രേഷൻ ഇല്ലാത്ത എത്ര മത്സ്യത്തൊഴിലാളിഗ്രാമങ്ങൾ ഉണ്ട് ; ഇല്ലാത്തവ എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത ഗ്രാമങ്ങൾ വഴി നൽകി വരുന്നത് ; വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) അപകടം സംഭവിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകിവരുന്നത് ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പ്രാഥമിക തലത്തിൽ 847 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും ജില്ലാതലത്തിൽ 5 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

പ്രാഥമിക തലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ

| | | |
|---|---|---|
| തിരുവനന്തപുരം | – | 98 |
| കൊല്ലം | – | 104 |
| ആലപ്പുഴ | – | 164 |
| കോട്ടയം | – | 40 |
| പത്തനംതിട്ട | – | 8 |
| എറണാകുളം | – | 121 |
| ഇടുക്കി | – | 5 |
| തൃശ്ശൂർ | – | 70 |
| മലപ്പുറം | – | 79 |
| കോഴിക്കോട് | – | 87 |
| വയനാട് | – | 4 |
| കണ്ണൂർ | – | 34 |
| കാസർകോട് | – | 33 |
| ആകെ | | 847 |

ജില്ലാതലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ

(ബി) മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടില്ല.

(സി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന നടപ്പിലാക്കുന്ന താഴെ പറയുന്ന ക്ഷേമപദ്ധതികൾ എല്ലാം തന്നെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലാണ് നടപ്പിലാക്കുന്നത്.

1. അപകടംമൂലം മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം.
2. മത്സ്യബന്ധനത്തിനിടയിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം.

LIBRARY ARCHIVES Kerala Legislative Assembly

3. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യം സംഭവിച്ചവർക്കും സ്ഥിരവും ഭാഗീകവുമായ അവശതയനുഭവിക്കുന്നവർക്കും സാമ്പത്തികാനുകൂല്യം.
4. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് സൗജന്യധന സഹായം.
5. മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ.
6. ആശ്രിതരുടെ മരണാനന്തരചെലവുകൾക്ക് ധനസഹായം.
7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം.
8. കുടുംബസംവിധാന പദ്ധതിക്കുള്ള ധനസഹായം.
9. മാരകരോഗങ്ങൾക്ക് ചികിൽസിക്കുന്നതിന് ധനസഹായം.
10. അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ, കാലവർഷക്കെടുതി, തീപിടുത്തം, മുതലായവമൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുമ്പോൾ അടിയന്തിര ധനസഹായം.
11. നേത്രജ്യോതി പദ്ധതിപ്രകാരം നേത്രരോഗികൾക്ക് വിദഗ്ദ്ധചികിത്സയും വൈദ്യ സഹായവും നൽകുന്നതിനുള്ള പ്രവർത്തനം.
12. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവശുശ്രൂഷയ്ക്ക് ധനസഹായം.
13. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ.
14. ബേസിക് സാനിട്ടേഷൻ പദ്ധതി.

(ഡി) 1. മത്സ്യബോർഡ് നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകടംമൂലം മരണമടയുകയും മത്സ്യബന്ധനത്തിനിടയിൽ കാണാതാവുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത അനുഭവിക്കുന്നവർക്ക് 1 ലക്ഷം രൂപയും അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശതയനുഭവിക്കുന്നവർക്ക് 50,000 രൂപയും ധന സഹായമായി നൽകുന്നു. കൂടാതെ അപകടംമൂലം ആശുപത്രിയിൽ ചികിത്സ ആവശ്യമായി വരുന്നവർക്ക് ചികിത്സാ ചെലവിലേക്കായി 1000 രൂപയും ചുരുങ്ങിയത് 7 ദിവസമെങ്കിലും ജോലിക്ക് പോകാൻ കഴിയാതെ വരുന്നവർക്ക് പരമാവധി 500 രൂപയും ധനസഹായമായി നൽകുന്നു.

2. മത്സ്യഫെഡ്, നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കി വരുന്ന ജനതാ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ മത്സ്യ ഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ വാർഷിക ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ഒന്നര ലക്ഷം രൂപ ഇൻഷ്വറൻസ് തുകയായി 1-4-1999 മുതൽ നൽകിവരുന്നു. എന്നാൽ പ്രീമിയം അടച്ചിട്ടില്ലാത്ത സംഘാംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ 50,000 രൂപ മാത്രമേ ഇൻഷ്വറൻസ് തുകയായി ലഭിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

താഴെ പറയുന്ന ഭാഗിക അപകടങ്ങൾക്ക് പരമാവധി 50,000 രൂപ വരെ ഇൻഷ്വറൻസ് തുക നൽകി വരുന്നുണ്ട്.

1. രണ്ടു കൈകൾ നഷ്ടപ്പെട്ടാൽ.
2. രണ്ടു കാലുകൾ നഷ്ടപ്പെട്ടാൽ.
3. രണ്ടു കണ്ണുകൾ നഷ്ടപ്പെട്ടാൽ.
4. ഒരു കണ്ണും ഒരു കാലും ഒരു കൈയും നഷ്ടപ്പെട്ടാൽ. അപകടംമൂലം രണ്ട് കൈകളോ അഥവാ രണ്ടു കാലുകളോ, അഥവാ രണ്ട് കണ്ണിന്റെ കാഴ്ച ശക്തിയോ അഥവാ കൈകാൽ, കണ്ണ് ഇവയിൽ ഏതെങ്കിലും രണ്ടെണ്ണമോ പൂർണ്ണമായി നഷ്ടപ്പെട്ടാൽ പ്രീമിയം അടച്ചവർക്ക് ഒന്നരലക്ഷം രൂപയും പ്രീമിയം അടക്കാത്തവർക്ക് 50,000 രൂപയും നൽകും.

   അപകടംമൂലം ഒരു കൈയോ ഒരു കാലോ ഒരു കണ്ണിന്റെ കാഴ്ചശക്തിയോ പൂർണ്ണമായി നഷ്ടപ്പെട്ടാൽ പ്രീമിയം അടച്ചവർക്ക് 75,000 രൂപയും പ്രീമിയം അടയ്ക്കാത്തവർക്ക് 25,000 രൂപയും നൽകും.

   അപകടംമൂലം പൂർണ്ണമായും സ്ഥിരമായും ശാരീരികശേഷി നഷ്ടപ്പെടുകയാണെങ്കിൽ പ്രീമിയം അടച്ചവർക്ക് ഒന്നര ലക്ഷം രൂപയും പ്രീമിയം അടക്കാത്തവർക്ക് 50,000 രൂപയും നൽകും.

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജീവനക്കാരുടെ കുറവ്**

**86 (1187)** ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ആനുകൂല്യം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ഷേമനിധി അംഗങ്ങളുടെ വർദ്ധനവിനനുസരിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ**

**87 (1188)** ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ഓരോന്നും വഴി മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly